LIBRARY ARCHIVES Kerala Legislative Assembly

ഖാദി ഉത്പന്നം എന്ന നിലയിൽ പൊതുജനങ്ങൾക്കിടയിൽ പ്രചാരണം മാത്രമായിരുന്നു ഖാദി ബോർഡ് ലക്ഷ്യമിട്ടിരുന്നത്. ഇതുവരെ 11.31 ലക്ഷം രൂപയുടെ വില്പന നടന്നു.

(ഡി) പ്രസ്തുത ബ്രാൻഡ് ഉത്പന്നങ്ങളുടെ വിൽപ്പനയിലൂടെ എത്ര ലാഭം കിട്ടിയെന്നും തുടർന്നും ഈ ബ്രാൻഡിൽ ഉത്പന്നങ്ങൾ വിൽക്കുന്നതിന് ഖാദി ബോർഡ് ഉദ്ദേശിക്കുന്നുണ്ടോയെന്നുമുള്ള വിശദാംശം വ്യക്തമാക്കാമോ?

ഖാദി ഉത്പന്നം എന്ന നിലയിൽ പൊതുജനങ്ങൾക്കിടയിൽ പ്രചാരണം മാത്രമായിരുന്നു 'സഖാവ്' ഷർട്ടിലൂടെ ബോർഡ് ലക്ഷ്യമിട്ടിരുന്നത്. ആയതിനാൽ, ലാഭം നേടുന്നതുസംബന്ധിച്ച് ബോർഡ് മുൻതൂക്കം നൽകിയിട്ടില്ല. ഈ ബ്രാൻഡിന് പൊതുജനങ്ങൾക്കിടയിൽ കൂടുതൽ വിപണി ഉണ്ടാകുന്നപക്ഷം തുടർന്നും ഈ ഉത്പന്നം വിറ്റഴിക്കുന്നതിന് മുൻതൂക്കം നൽകുന്നതാണ്.

സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി

158(5317) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി പ്രകാരമുള്ള കൈത്തറി തുണികൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി മറ്റ് സംസ്ഥാനങ്ങളിലുള്ള ഏതെല്ലാം മില്ലുകളെയാണ് തുണി ഡൈയിംഗിനായി ചുമതലപ്പെടുത്തിയതെന്നറിയിക്കുമോ; ഓരോ മില്ലുകൾക്കും ഡൈയിംഗിനായി എത്ര മീറ്റർ തുണി നൽകുന്നുണ്ട്; വിശദ വിവരം നൽകാമോ?

2021-22 അദ്ധ്യയന വർഷത്തിലേയ്ക്കായി വിതരണം ചെയ്ത സ്കൂൾ യൂണിഫോം തുണികൾ വിവിധ കളറുകളിൽ ചായം മുക്കുന്നതിനായി ഇ-ടെണ്ടർ വ്യവസ്ഥയിലൂടെ തമിഴ്നാട്ടിലുള്ള അരുണ ടെക്സ്റ്റൈൽസ് പ്രോസസ്സിംഗ് മിൽസ്, യുണൈറ്റഡ് ബ്ലീച്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, മിനർവ സിങ്കോട്ട് പ്രൈവറ്റ് ലിമിറ്റഡ് എന്നീ മില്ലുകളെയാണ് ചുമതലപ്പെടുത്തിയിരുന്നത്. അരുണ ടെക്സ്റ്റൈൽസ് പ്രോസസ്സിംഗ് മിൽസിന് 28,15,400 മീറ്റർ തുണിയും യുണൈറ്റഡ് ബ്ലീച്ചേഴ്സിന് 12,61,900 മീറ്റർ തുണിയും മിനർവ സിങ്കോട്ട് പ്രൈവറ്റ് ലിമിറ്റഡിന് 58,800 മീറ്റർ തുണിയുമാണ് നൽകിയത്.